# പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 202 — 06/12/2018 ൽ മറുപടിക്ക്

**പമ്പയിലും സമീപ പ്രദേശങ്ങളിലും പ്രളയം വരുത്തിവച്ച നാശനഷ്ടം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.എം. മുകേഷ്<br>ശ്രീ.എസ്.രാജേന്ദ്രൻ | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പമ്പയിലും ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച പ്രദേശങ്ങളിലും കൊടും പ്രളയം വരുത്തിവച്ച നാശനഷ്ടം എന്തെല്ലാമെന്ന് അറിയിക്കാമോ; ഈ പ്രദേശങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിരുന്നോ; എന്തൊക്കെ സഹായങ്ങൾ ലഭിച്ചു; | (എ) | 2018 ആഗസ്റ്റ് മാസം ഉണ്ടായ വെള്ളപ്പൊക്കത്തിൽ പമ്പയിലെ രാമമൂർത്തി മണ്ഡപവും പമ്പയിലെ മൂന്ന് ടോയിലറ്റ് ബ്ലോക്കുകളും പൂർണ്ണമായും തകർന്നു, മെസ് ബിൽഡിംഗ്, റെസ്റ്റോറന്റ് ബ്ലോക്ക്, ക്ലോക്ക് റൂം, അന്നദാന മണ്ഡപം, മരാമത്ത് കോംപ്ലക്സ് എന്നിവ ഭാഗികമായും തകർന്നു. സീവേജ് പ്ലാന്റിൽ വെള്ളംകയറി വൈദ്യുതി ബന്ധം തകരാറിലായി. നടപ്പന്തൽ, ആറാട്ടുകടവ് ഫയർഫോഴ്സ് ഷെഡ്, ഡോളി കൗണ്ടർ, കാരുണ്യ മെഡിക്കൽ ഷോപ്പ് എന്നിവയ്ക്കും കേടുപാടുകൾ സംഭവിച്ചു വടശേരിക്കര-പ്ലാപ്പള്ളി-നിലക്കൽ-പമ്പ റോഡിന്റെ ചില ഭാഗങ്ങൾ തകർന്ന് ഗതാഗത യോഗ്യമല്ലാതായി. പുനഃ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ധനസഹായം ആവശ്യപ്പെട്ടിട്ടില്ല. |
| (ബി) | പുനർനിർമ്മാണം സംബന്ധിച്ച് സെൻട്രൽ എംപവേർഡ് കമ്മിറ്റി നിർദ്ദേശം വല്ലതും നൽകിയിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് അറിയിക്കാമോ; | (ബി) | പമ്പാ നദിക്കരയിൽ നിന്നും 50 മീറ്റർ മാറ്റി മാത്രമെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളു എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | സ്പിരിച്വൽ സർക്യൂട്ട് പ്രോജക്ടിന്റെ ഭാഗമായി ശബരിമലയ്ക്കും അനുബന്ധ വികസനപ്രവർത്തനങ്ങൾക്കുമായി കേന്ദ്ര ടൂറിസം മന്ത്രാലയം എത്ര തുകയാണ് അംഗീകരിച്ചത്; അതിൽ എത്ര തുക ഇതുവരെ ലഭിച്ചു; | (സി) | ശബരിമല- എരുമേലി-പമ്പ സ്പിരിച്വൽ സർക്യൂട്ടിന് 99.98 കോടി രൂപയ്ക്ക് ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം - ആറന്മുള-ശബരിമല സർക്യൂട്ടിൽ ഉൾപ്പെടുത്തി 6 കോടി രൂപയ്ക്കുമുള്ള പ്രൊപ്പോസലുകൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതിൽ 20.8 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടപ്പിലാക്കേണ്ടത് ആരെന്നും സാങ്കേതികാനുമതി നൽകേണ്ടത് ആരെന്നും അറിയിക്കാമോ; ഈ കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പ് സംബന്ധിച്ചും നൽകിയ തുക സംബന്ധിച്ചും ഉത്തരവാദപ്പെട്ട സ്ഥാനം വഹിക്കുന്നവർ തെറ്റായ വിവരം ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി പ്രചരിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകി നടപ്പിലാക്കേണ്ടത് ബഹു. ഹൈക്കോടതി നിയോഗിച്ച ശബരിമല മാസ്റ്റർ പ്ലാൻ ഹൈപവർ കമ്മിറ്റിയാണ്. ലഭിച്ച തുക സംബന്ധിച്ച് തെറ്റായ വിവരം പ്രചരിപ്പിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | സംസ്ഥാന സർക്കാർ ശബരിമല തീർത്ഥാടന സൗകര്യങ്ങൾ ഒരുക്കാനായി കഴിഞ്ഞ സാമ്പത്തിക വർഷവും ഈ വർഷം ഇതുവരെയും എത്ര തുക ചെലവഴിച്ചെന്ന് അറിയിക്കാമോ? | (ഇ) | അനുവദിച്ച തുക അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## ദേവസ്വം വകുപ്പ്

| | 2017-2018 | 2018-2019 |
|---|---|---|
| ശബരിമല സാനിറ്റേഷൻ സൊസൈറ്റി | 2,65,91,000 | 1,21,70,000 |
| ഇടുക്കി, കോട്ടയം ജില്ലാ കളക്ടർമാർക്ക് അടിയന്തര സാഹചര്യങ്ങൾ നേരിടുന്നത് | 20 ലക്ഷം | 15 ലക്ഷം |

## തദ്ദേശ സ്വയം ഭരണ വകുപ്പ്

| | 2017-2018 | 2018-2019 |
|---|---|---|
| മുൻസിപ്പാലിറ്റികൾക്ക് | 1 കോടി | 1 കോടി |
| പഞ്ചായത്തുകൾക്ക് | 2 കോടി | 2 കോടി |

## പൊതുമരാമത്ത് വകുപ്പ്

| 2017-2018 | | 2018-2019 | |
|---|---|---|---|
| ശബരിമല റോഡ് മെയിന്റനസ് Phase I | 36.71 കോടി | ശബരിമല റോഡ് മെയിന്റനൻസ് | |
| Phase II | 104.05 കോടി | 14 അഡീഷണൽ വർക്കസ് | 1.3 കോടി ഭരണാനുമതി |
| | | ശബരിമലയിലേക്കുള്ള വിവിധ റോഡ് മെയിന്റനൻസ് | 200 കോടി ഭരണാനുമതി |

## ആഭ്യന്തരവകുപ്പ്

| | 2017-2018 | 2018-2019 |
|---|---|---|
| പോലീസിനുള്ള മെസ് സബ്സിഡി | 2.42 കോടി | 5 കോടി |
| സ്പെഷ്യൽ അലവൻസ് | 5.4 കോടി | മണ്ഡല മകര വിളക്ക് കാലം കഴിഞ്ഞ് മാത്രമെ ലഭ്യമാകു |
| ലഗേജ് അലവൻസ് | 3 ലക്ഷം | മണ്ഡല മകര വിളക്ക് കാലം കഴിഞ്ഞ് മാത്രമെ ലഭ്യമാകു |
| സുരക്ഷാ ക്യാമറ വാങ്ങിയ ചെലവ് | 21.1 കോടി | ഇല്ല |

## ആരോഗ്യ വകുപ്പ്

| | 2017-2018 | 2018-2019 |
|---|---|---|
| ശമ്പളം, ടൂർ ടി.എ തുടങ്ങിയവ | 1,85,50,263 | മണ്ഡല മകര വിളക്ക് കാലം കഴിഞ്ഞ് മാത്രമെ ലഭ്യമാകു |

## ഇറിഗേഷൻ വകുപ്പ്

| | 2017-2018 | 2018-2019 |
|---|---|---|
| ശബരിമല തീർത്ഥാടനത്തിനുള്ള ഫണ്ട്. | 1.9 കോടി | 1.81 കോടി |

## വാട്ടർ അതോറിറ്റി

| | 2017-2018 | 2018-2019 |
|---|---|---|
| കുടിവെള്ള വിതരണം | 2 കോടി | 8.20 കോടി |

Section Officer